(ബി) അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷന് അർഹരായിട്ടുള്ളവർ എത്രയെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നുമറിയിക്കാമോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ചില ജീവനക്കാരുടെ സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം പ്രമോഷൻ തടഞ്ഞ് വച്ചിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെതിരെ സർക്കാർ തലത്തിൽ അന്വേഷണം നടത്തി പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അപ്രകാരമുള്ള പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

എയ്ഡഡ് സ്കൂളുകളിലെ പുതിയ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് നടപടി

54 [1414] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ പുതിയ ഡിവിഷനുകളിലെ അദ്ധ്യാപക നിയമനാംഗീകാരത്തിന് നിലവിൽ നിയമതടസ്സമുണ്ടോ;

(ബി) നിയമന നിരോധനം പിൻവലിച്ച സാഹചര്യത്തിൽ പുതിയ ഡിവിഷനുകളിലെ അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എയ്ഡഡ് സ്കൂളുകളിൽ അഡീഷണൽ വേക്കൻസികളിൽ നിയമനം നടത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പിൻവലിച്ചിട്ടില്ല.

വിദ്യാഭ്യാസവകുപ്പിലെ ഹൈസ്ക്കൂൾ അസിസ്റ്റന്റ് നിയമനവും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരും

55 [1415] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഹൈസ്ക്കൂൾ അസിസ്റ്റന്റുമാരെ സർക്കാർ/പ്രൈവറ്റ് സ്കൂളുകളിൽ നിയമിച്ചെന്നും ഓരോ വിഷയത്തിനും എത്ര പേർ വീതമെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഓരോ വിദ്യാഭ്യാസ ജില്ലയിലും സർക്കാർ സ്കൂളുകളിലും പ്രൈവറ്റ് സ്കൂളുകളിലും ഓരോ വിഷയത്തിനും എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ വീതം ഉണ്ട് എന്നു വെളിപ്പെടുത്തുമോ; യു. പി., ഹൈസ്ക്കൂൾ തരംതിരിച്ച് പട്ടിക നൽകുമോ;

(സി) പി. എസ്. സി. അഡ്വൈസ് ലഭിച്ചിട്ടും നാളിതുവരെ നിയമനം കിട്ടാത്തവർ ഓരോ ജില്ലയിലും ഓരോ വിഷയത്തിനും എത്ര പേരാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ സർക്കാർ സ്കൂളുകളിൽ ഏതൊക്കെ വിഷയങ്ങൾ പഠിപ്പിക്കാൻ ദിവസവേതനത്തിന് എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്;

(ഇ) പി. എസ്. സി. മുഖാന്തിരം നിയമനം നടത്താൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ — ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സർക്കാർ സ്ക്കൂളുകളിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി. എസ്. സി. മുഖാന്തിരം നിയമനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly